**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1259** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പരസഹായം കൂടാതെ ചലിക്കുവാൻ പോലും കഴിയാത്ത, എന്നാൽ വിദ്യാഭ്യാസത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്കും കുടുംബത്തിനും ആശ്വാസം പകരുന്ന എന്തൊക്കെ സഹായങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തിവരുന്നു. കൂടാതെ ഇവർക്കായി വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും സമപ്രായക്കാരെ ഉപയോഗിച്ച് "ചങ്ങാതിക്കൂട്ടം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് 19 പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി 'White Board SSK ' എന്ന യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെ കുട്ടികളിലെത്തിക്കുന്നു. കൂടാതെ 168ബി.ആർ.സികളിൽ ഓട്ടിസം സെന്ററുകൾ ആരംഭിച്ച് തെറാപ്പി സേവനങ്ങൾ രക്ഷിതാക്കൾക്കായുള്ള കൗൺ സിലിംഗ് എന്നിവ നടത്തിവരുന്നു.വിദ്യാലയങ്ങളിൽ അനുരൂപീകരണത്തിന്റെ ഭാഗമായി റാംപ്, റെയിൽ സംവിധാനവും അഡാപ്റ്റഡ് ടോയ്ലറ്റ് സംവിധാനവും നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 40ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ഇ.ഡി. സെക്ഷൻ വഴി സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കേരള പരീക്ഷാഭവൻ നടത്തി വരുന്നതായ എല്ലാ പരീക്ഷകൾക്കും 40ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് അവരവരുടെ വൈകല്യത്തിനനുസരിച്ച് ആനുകൂല്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ